**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊടുങ്ങല്ലൂർ നഗരസഭ - പണി പൂർത്തിയാകാത്ത ഫ്ലാറ്റിലെ 3-ാം നിലയിൽ നിന്ന് വീണ് ചികിത്സയിൽ കഴിയുന്ന കുട്ടിയുടെ ചികിത്സ ചെലവിലേയ്ക്ക് തനത് ഫണ്ടിൽ നിന്ന് തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്

സ.ഉ.(സാധാ) നം. 2445/2017/തസ്വഭവ — തിരുവനന്തപുരം, തീയതി, 18/07/2017

പരാമർശം:- കൊടുങ്ങല്ലൂർ നഗരസഭ ചെയർമാന്റെ 15/06/2017 ലെ കത്ത്.

**ഉത്തരവ്**

കൊടുങ്ങല്ലൂർ നഗരസഭയിലെ കാവിൽ കടവ് എന്ന സ്ഥലത്ത് നിലവിലുണ്ടായിരുന്ന കോളനിയിൽ താമസിപ്പിച്ചിരുന്നവരെ പുനരധിവസിപ്പിക്കുന്നതിനായി പണിയുന്ന നിർമ്മാണം പൂർത്തിയാകാത്ത ഫ്ലാറ്റിൽ പുനരധിവാസത്തിനുവേണ്ടി ഒഴിപ്പിച്ച കുടുംബങ്ങളിൽപ്പെട്ടവർ അനധികൃതമായി കയ്യേറി താമസിച്ചുവരുന്നുവെന്നും ടി കുടുംബത്തിൽപ്പെട്ട തൈപ്പറമ്പിൽ സിയാദിന്റെ 4 വയസ്സായ മകൻ റിയാസ്സ് ഫ്ലാറ്റിന്റെ 3-ാം നിലയിൽ നിന്ന് വീണു കാലിന്റെ എല്ലുകൾ ഒടിഞ്ഞ് ഓപ്പറേഷന് വിധേയമായി ചികിത്സയിലാണെന്നും നിർദ്ധന കുടുംബത്തിലെ ടിയാന്റെ ചികിത്സയ്ക്കായി 1 ലക്ഷം രൂപ നഗരസഭ ഫണ്ടിൽ നിന്നും ധനസഹായം നൽകുന്നതിനുള്ള അനുമതിക്കായി പരാമർശ കത്ത് പ്രകാരം കൊടുങ്ങല്ലൂർ നഗരസഭ ചെയർമാൻ അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഫ്ലാറ്റിന്റെ 3-ാം നിലിയിൽ നിന്ന് വീണു കാലിന്റെ എല്ലുകൾ ഒടിഞ്ഞ് ഓപ്പറേഷന് വിധേയമായി ചികിസ്തയിൽ കഴിയുന്ന തൈപ്പറമ്പിൽ സിയാദിന്റെ 4 വയസ്സായ മകൻ റിയാസ്സിന്റെ ചികിത്സയ്ക്കായി കൊടുങ്ങല്ലൂർ നഗരസഭയുടെ തനത് ഫണ്ടിൽ നിന്ന് 1,00,000/- രൂപ (ഒരു ലക്ഷം) നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
സിനി.ജെ.ഷുക്കൂർ
ഡെപ്യൂട്ടി സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ചെയർമാൻ, കൊടുങ്ങല്ലൂർ നഗരസഭ

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ